DESPATCHED
ON 8/3/23

30/12/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.1563(5)/2018/SIC**

**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 6831/SIC-G7/2018**

**സന്നിഹിത**

**ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി :. 30.12.2022**

**ശ്രീ. കൃഷ്ണകുമാർ എ,**
**കേരള ജനകീയവേദി സെക്രട്ടറി,**
**ആറ്റൂർ വീട്, പുറനാട്ടുകര,, തൃശ്ശൂർ – 680 551.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് കാര്യാലയം,**
   **പി.ഒ.വാടനാപ്പള്ളി, തൃശ്ശൂർ – 680 614.**

2. **അപ്പീൽ അധികാരി,**
   **പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,**
   **തൃശ്ശൂർ.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 05.01.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 28.03.2018 |
| ഒന്നാം അപ്പീൽ | 09.02.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 20.03.2018 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 28.06.2018 |
| ഹിയറിംഗ് തീയതി, | 19.10.2022 |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഗോകുൽ ഓട്ടോമൊബൈൽസിന് ലൈസൻസ് ലഭിച്ചിട്ടുണ്ടോ എന്നതുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടിരുന്നതെന്നും നാളിതുവരെയായി എതിർകക്ഷികൾ വിവരം ലഭ്യമാക്കിയില്ലെന്നും ഹർജിക്കാരൻ മൊഴി നൽകുകയുണ്ടായി. പ്രസ്തുത അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ സമർപ്പിച്ച അപ്പീലും തീർപ്പാക്കി ഉത്തരവ് നൽകിയിട്ടുണ്ടെന്നാണ് എസ്.പി.ഐ.ഒ. അറിയിച്ചത്.

2. പ്രസ്തുത അപ്പീലിൽ തീർപ്പ് കൽപ്പിക്കുന്നതിനായി 19.10.2022 ന് കമ്മീഷൻ മുമ്പാകെ നടന്ന നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു. വസ്തുതകൾ മൊത്തത്തിൽ വിലയിരുത്തുമ്പോൾ ഗോകുൽ ഓട്ടോമൊബൈൽസ് എന്ന സ്ഥാപനത്തിന് ലൈസൻസ് നൽകയതുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത്. ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷ ഓഫീസിൽ ലഭ്യമായിട്ടില്ലെന്നും നിലവിൽ ഫയൽ ലഭ്യമല്ലെന്നുമാണ് എസ്.പി.ഐ.ഒ. അറിയിച്ചത്. പഞ്ചായത്തിന്റെ പരിധിയിൽ ഇത്രയും വർഷം ഒരു സ്ഥാപനം പ്രവർത്തിക്കുമ്പോൾ ലൈസൻസ് ഉണ്ടോ, ഇല്ലയോ എന്ന് അന്വേഷിക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനം അനധികൃതമായി പ്രവർത്തിക്കുന്നതെങ്കിൽ ആയതിന് നടപടി സ്വീകരിക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്തിനുണ്ട്. കമ്മീഷനെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള മറുപടിയാണ് എതിർകക്ഷികൾ നൽകിയിരിക്കുന്നത്. മാത്രമല്ല 05.01.2018 തീയതിയായി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 28.03.2018 നാണ് എസ്.പി.ഐ.ഒ. മറുപടി ലഭ്യമാക്കിയിരിക്കുന്നത്. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കാതിരുന്നത് എസ്.പി.ഐ.ഒ. യുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ

നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണ ത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

3. ഹർജിക്കാരൻ 05.01..2018 തീയതിയായി സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം സൗജന്യമായി ലഭ്യമാക്കേണ്ടതും കമ്മീഷനിൽ ലഭ്യമാക്കി റിപ്പോർട്ടിന്റെ പകർപ്പ് അപ്പീൽഹർജിക്കാരന് അയച്ചു നൽകേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം 2022 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Jn